കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/1622/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 17-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് AIMS മുഖേന ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.8/17

നം. കെ.എസ്.എ.എം.പി.എം28/1622/17 തിയ്യതി: 17/08 /2017

## മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 28-6-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 29-6-2017 മുതൽ 12-7-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ബേബി. പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം.പി.അബ്ദുൽ റഷീദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഇ. സിന്ധു | 01-04-2016 *മുതൽ*<br>31-03-2017 *വരെ* |

സെക്രട്ടറി

| | |
|---|---|
| ശ്രീ. വി. ജയരാജൻ | 01.04.2016 മുതൽ<br>31.03.2017 വരെ |

അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീ.അനിൽ ബാബു | 01.04.2016 മുതൽ |

| | |
|---|---|
| | 31.03.2017 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ. സനിൽ കുമാർ. എം.വി | 01.04.2016 മുതൽ 27.07.2016 വരെ |
| | ശ്രീ. ജിജോ പുലിക്കോട്ടിൽ | 28.07.2016 മുതൽ 31.03.2017 വരെ |
| വി. ഇ. ഒ | ശ്രീമതി. പ്രമീള | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എൻ.നളിനി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഷറഫ് അബ്ദുൽ റഹ്മാൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നിർമല കുമാരി | 01.04.2016മുതൽ 30.06.2016 വരെ |
| | ശ്രീമതി. അദീപ യാസ്മിൻ | 01.07.2016മുതൽ 02.01.2017 വരെ |
| | ശ്രീമതി. സൗദാബി.കെ | 03.01.2017മുതൽ 20.01.2017 വരെ |
| | ശ്രീമതി. മുബീന | 21.01.2017മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. എ.ഗംഗാധരൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പ്രിയ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ആദർശ് | 01.04.2016 മുതൽ 15.11.2016 വരെ |
| | ഡോ.അജ്മൽ റഹ്മാൻ | 16.11.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-1 | |
| 13 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു | 2-2 | |
| 14 | ആശുപത്രി രജിസ്ട്രേഷൻ- ചട്ട പ്രകാരമുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല. | 2-3 | |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | അംഗനവാടി പുനരുദ്ധാരണം - പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിലും അധികരിച്ച് തുക പിൻവലിച്ചു - | 3-1 | |
| 17 | കെട്ടിടങ്ങളിൻമേലുള്ള റൂഫിംഗ് പ്രവൃത്തികൾ - GI Tubular Truss work നടത്തുന്നതിനാൽ അനാവശ്യ ചെലവ്. | 3-2 | |
| 18 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത സേവന നകുതി ഈടാക്കി അടവാക്കിയിട്ടില്ല. | 3-3 | |
| 19 | കാഞ്ഞിരമുക്ക് സബ് സെന്റർ ഷീറ്റിടൽ - സേവന നകുതി ഈടാക്കിയതിൽ കുറവ് | 3-4 | |
| 20 | പരിച്ചകം PHC ക്വാട്ടേഴ്സ് മെയിന്റനൻസ് - മൂല്യ വർദ്ധിത നകുതി കുറവായി ഈടാക്കി | 3-5 | |
| 21 | കാഞ്ഞിരമുക്ക് ആളം റോഡ് നവീകരണം - അപൂർണ്ണമായ പ്രവൃത്തി | 3-6 | |

| | | | |
|---|---|---|---|
| 22 | മരാമത്ത് പ്രവൃത്തികൾ - പദ്ധതികളുടെ ശോഷിപ്പ് | 3-7 | |
| 23 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കിൽ ചെലവ് മുഴുവനായി അക്കൗണ്ട് ചെയ്തില്ല. | 3-8 | |
| 24 | പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം | 3-9 | |
| 25 | അങ്കണവാടി പോഷകാഹാര വിതരണം- എസ്.സി പ്രൊജക്ട് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-10 | |
| 26 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-11 | |
| 27 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് - 23810/- രൂപ തടസ്സപ്പെടുത്തുന്നു | 3-12 | |
| 28 | പരിരക്ഷ - പാലിയേറ്റിവ് കെയർ -അപാകതകൾ | 3-13 | |
| 29 | ആശ്രയ പദ്ധതി- പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ സൂക്ഷിച്ചു. | 3-14 | |
| 30 | പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല – ചെലവ് തുക തടസ്സം ചെയ്യുന്നു | 3-15 | |
| 31 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-16 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | Audit Certificate | അനുബന്ധം 1 | |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | അനുബന്ധം3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | അനുബന്ധം4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 5-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പുതുക്കിയ ബജറ്റ് അവതരിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 2016-17 വർഷത്തിലെ ബഡ്ജറ്റ് പുതുക്കിയതായി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ബഡ്ജറ്റിൽ നിന്നും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കി ബാക്കി തുകയിൽ വ്യത്യാസമുള്ളത് പരിഗണിച്ചതായി കാണുന്നില്ല. സാമ്പത്തിക വർഷാവസാനം വ്യതിയാനങ്ങൾ ക്രമീകരിയ്ക്കുന്നതിനായി പുതുക്കിയ ബജറ്റ് അവതരിപ്പിക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ഇനം | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 11510555.60 | 16453153 | 4942597.40 | 0.00 | (+) 42.94 |
| വരവ് | 121367600.00 | 53582244 | 0.00 | 67785356.00 | (-) 55.85 |
| ആകെ | 132878155.60 | 70035397 | 0.00 | 62842758.60 | (-) 47.29 |
| ചെലവ് | 127466000.00 | 58268301 | 0.00 | 69197699.00 | (-) 54.29 |
| നീക്കിയിരിപ്പ് | 5412155.60 | 11767096 | 6354940.40 | 0.00 | (+) 117.42 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഓൺലൈൻ സമർപ്പണം) |
|---|---|---|
| 2016-17 | 31.07.2017 | 07.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

2016-17 വർഷത്തെ വാർഷിക കണക്കിൻമേൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. വസ്തു നികതി- തൻവർഷ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കുടിശ്ശിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | കുടിശ്ശിക ബാക്കി | തന്നാണ്ട് ബാക്കി | ആകെ |
|---|---|---|---|
| വാർഷിക കണക്കു പ്രകാരം | 17,14,703.50 | 8,89,316 | 26,04,019.50 |
| സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | 14,87,777.52 | 7,02,779.47 | 21,90,557.47 |

4. പഞ്ചായത്ത് ഫണ്ട് മുന്നിരിപ്പ് , 2015-16 നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
5. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല..

6. ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ട് വി.പി.എഫ് എ 1_2 ൽ വാർഷിക കണക്കുകൾ പ്രകാരം പ്രാരംഭ

ബാക്കിയായും വർഷാവസാന നീക്കിയിരിപ്പായും 3,26,446 രൂപയുണ്ട്. ബന്ധപ്പെട്ട ട്രഷറി സ്റ്റേറ്റ്മെൻ്റ് ലഭ്യമല്ല.

7. B-4, B-17 എന്നീ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല (Total sanitation)

8.വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

9.MNREGS ചെലവ് മുഴുവനായി വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ പ്രകാരം MNREGS യഥാർത്ഥ ചെലവ് 1,71,66,354 ആണ് (ഖ. 3.5 കാണുക). വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് 1,17,02,776 രൂപ.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 1,64,53,153

വരവ് : 5,35,82,244

ആകെ : 7,00,35,397

ചെലവ് : 5,82,68,301

നീക്കിബാക്കി : 1,17,67,096

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ACR പ്രകാരം | RP 40 പ്രകാരം | ശതമാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 0 | 12660653 | 12660653 | 12461631 | 199022 | 0 | 98 |
| | എസ്.സി.പി. | 0 | 3234582 | 3234582 | 3213516 | 21066 | 0 | 99 |
| | ടി.എസ് പി. | 0 | 00 | 00 | 00 | 00 | 00 | 0 |
| സംരക്ഷണ ഗ്രാൻ്റ് | റോഡ് | 0 | 6304296 | 6304296 | 1698522 | 4605774 | 00 | 26.9 |
| | നോൺറോഡ് | 0 | 3481953 | 3481953 | 2862617 | 619336 | 0 | 82 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാൻ്റ് | | 0 | 7100807 | 7100807 | 6567171 | 533636 | 0 | 92 |
| ലോക ബാങ്ക് സഹായം(സെൻട്രൽ) | | 0 | 2927031 | 2927031 | 1004777 | 1922254 | 0 | 34 |
| ലോക ബാങ്ക് സഹായം(സ്റ്റേറ്റ്) | | 0 | 977265 | 977265 | 0 | 977265 | | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | | 1203 | 11702412 | 11703615 | 11702776 | 00 | 839 | 99.9 |
| ബി ഫണ്ട് | | 00 | 48625130 | 48625130 | 48625130 | -- | 00 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻ്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | ആകെ അടങ്കൽ | നടപ്പാക്കിയത് | ആകെ ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 129 | 57255298 | 93 | 42456180 | 30 | 6 | 72 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 88.62 %വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3358206 | 6872777 | (+) 3514571 | (+)104.65 |
| നികുതിയേതര വരവുകൾ | 554070 | 682439 | (+) 128369 | (+) 23.17 |
| മറ്റുവരവുകൾ | 2,33,594 | 264813 | (+)31219 | (+)13.36 |
| | 4145870 | 7820029 | 3674159 | (+)88.62 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 191640 | 139 |
| കർഷക തൊഴിലാളി വേതനം | 5642930 | 601 |
| വിധവാ പെൻഷൻ | 13104450 | 1188 |
| വാർദ്ധക്യകാലപെൻഷൻ | 23861460 | 2474 |
| വികലാംഗപെൻഷൻ | 4144650 | 426 |
| വിവാഹ ധനസഹായം | 1040000 | 35 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള | 576000 | 56 |

| | | |
|---|---|---|
| അവിവാഹിതകൾക്കുള്ള പെൻഷൻ | | |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 7 | 7 | 7 | |
| 2 | കർഷകതൊഴിലാളി വേതനം | 0 | 0 | 0 | - |
| 3 | വിധവാപെൻഷൻ | 100 | 100 | 3 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 370 | 298 | 34 | - |
| 5 | വികലാംഗപെൻഷൻ | 29 | 20 | 9 | - |
| 6 | വിവാഹ ധനസഹായം | 14 | 8 | 6 | |
| 7 | 50 വയസ്സിനു മുകളിൽ.....സഹായം | 6 | 6 | 0 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-6-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8867 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കാര്യക്ഷമമായിപ്രവർത്തിക്കുന്നതായി കണ്ടു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നീ നിർവഹണ ഉദ്യഗസ്ഥർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. ഹെഡ്മാസ്റ്റർ ടി ആർ 7 ക്യാഷ് ബുക്കിൽ പഞ്ചായത്തിന്റെ വരവ് – ചെലവ് രേഖപ്പെടുത്തിവെക്കുന്നില്ല. ,ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്യാഷ് ബുക്കിൽ മാറുന്ന ബില്ലുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നീക്കിയിപ്പ് തുകയുടെ റികൺസിലിയേഷൻ നടത്തുന്നില്ല.

വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യഗസ്ഥരുടെ പാസ് ബുക്ക് പ്രകാരം 31-3-2017 ന് താഴെ പറയും പ്രകാരം നീക്കിയിരിപ്പ് ഉണ്ട്.

വി.ഇ.ഒ - 8,46,452 രൂപ. ( 14-6-2017 ലെ ബാക്കി-29,587 രൂപ)

ഐ.സി.ഡി.എസ് സൂപ്പർവൈസർ- 5,76,299 രൂപ.

പലിശയിനത്തിൽ പാസ് ബുക്കിൽ വരവു വെക്കുന്ന തുക കാഷ് ബുക്കിൽ എടുക്കുകയോ റികൺസിലിയേഷൻ നടത്തുകയോ ചെയ്യുന്നില്ല. പ്രസ്തുത നീക്കിയിരിപ്പ് തുകകൾ ഗ്രാപഞ്ചാത്തിന്റെ നീക്കിയിരിപ്പായി വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്ദ്ധതികൾ

മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത സേവന നികുതി ഈടാക്കി അടവാക്കിയിട്ടില്ല.വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ അടവാക്കിയതിന്റെ രേഖകൾ അതാത് പ്രവർത്തികളുടെ ഫയലുകളിൽ വച്ചിട്ടില്ല. അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ വളരെ കുറച്ച് മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.5.17 | 1.4.17 മുതൽ 30.4.17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2011 | 2005-06 to 2009-10 | 7.5.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന പെട്രോൾ പമ്പ് ജീവനക്കാർ,മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകൾ വ്യാപാര സ്ഥാപനങ്ങളിലെയും ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച മറ്റു സ്ഥാപനങ്ങളിലെയും തൊഴിലാളികൾ എന്നിവരിൽ നിന്നൊന്നും തൊഴിൽനികുതി ഈടാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 2-2 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന വാർഡ് തിരിച്ചുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോവർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 ആശുപത്രി രജിസ്ട്രേഷൻ- ചട്ട പ്രകാരമുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരം 3 (6) 2- ാം നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തണം. എന്നാൽ ചട്ട പ്രകാരമുള്ള രജിസ്റ്ററല്ല ഇതിനായി സൂക്ഷിക്കുന്നത്.

## 2-4 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ , ഫോറം 5 ൽ 50 രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനം പരിപാലിക്കുകയും നടത്തുകയും ചെയ്യുന്നതിനുള്ള ശിക്ഷ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 267 ൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ആയതു പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗനവാടി പുനരുദ്ധാരണം - പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിലും അധികരിച്ച് തുക പിൻവലിച്ചു

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്ട് നം - SO 107/17 (SO 082/16)

ബിൽ - 46/31.3.16 - 106987

56/31.3.17 - 199505

മൂല്യനിർണ്ണയം - 1,99,505

കരാറുകാരൻ - AV.മൂസക്കുട്ടി

കരാർ - 37/AE/LSGD/MRY/16-17 7.10.15 (കരാർ തുക – 3,50,000)

M.Book – 50/15-16

132 ാം നമ്പർ അംഗനവാടി പുനരുദ്ധാരണം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | കിണർ നിർമ്മാണം | 127095 |
| 2 | കിച്ചൺ റിപ്പയറിംഗ് | 98148 |
| 3 | Roofing Work | 98028 |
| 4 | LS for Oven | 9000 |

| | | |
|---|---|---|
| 5 | LS for Electrification | 8500 |
| 6 | LS for Plumbing | 9000 |
| | Un for seen item | 229 |
| | ആകെ | 350000 |

ചെയ്ത പ്രവൃത്തി

| | |
|---|---|
| കിണർ നിർമ്മാണം | 106987.28 |
| Roofing Work | 92517.72 |
| | 199505 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാതകൾ കാണുന്നു.

1) 2015-16 വർഷത്തിൽ കരാർ വച്ച് തുടങ്ങിയ 132 ാം നമ്പർ അംഗനവാടി പുനരുദ്ധാരണ പ്രവൃത്തിയിൽ പാർട്ട് ബില്ലായി 46/31.3.16 ബിൽ പ്രകാരം 106987 രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിന് ശേഷം സ്പിൽ ഓവർ ആയി വന്ന പ്രവൃത്തിയിൽ 2016-17 വർഷത്തിൽ പ്രവൃത്തി പൂർത്തിയായതിന് ശേഷം ബാക്കി തുക 92518രൂപ പിൻവലിക്കുന്നതിന് പകരം 56/31.3.17 ബിൽ പ്രകാരം പ്രവൃത്തിക്ക് വേണ്ടി ചെലവായ മുഴുവൻ തുകയും (1,99,505 രൂപ ) വീണ്ടും പിൻവലിച്ചു. ആകെ മൂല്യ നിർണ്ണയം 1,99,505 രൂപ മാത്രമുള്ള പ്രവൃത്തിയിൽ രണ്ട് വർഷങ്ങളിലായി 306492 രൂപ പിൻവലിച്ചു. പ്രവൃത്തിയിൽ അധികമായി പിൻവലിച്ചത് 106987 രൂപ. പ്രവൃത്തിയുടെ ഫയൽ പ്രകാരം പാർട്ട് ബിൽ ആയി പിൻവലിച്ച തുകയിൽ നിന്നും റീട്ടെൻഷൻ പിടിച്ചതായും നികുതികൾ കുറവ് ചെയ്തതായും ബാക്കി തുക കരാറുകാരന് കൊടുത്തതായും കാണുന്നില്ല. അളവു പുസ്തക പ്രകാരമുള്ള ഫൈനൽ ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മൂല്യ നിർണ്ണയം - 199505

VAT - 7980

IT - 1995

KCWF - 1995

കരാറുകാരന് അനുവദിച്ചത് - 187535

പ്രവൃത്തിയിൽ അധികം പിൻവലിച്ച തുക 106987 രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1). കരാർ പ്രകാരം 25.3.16 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 07-10-2015ന് സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 27.3.17 നാണ്. എന്നാൽ പ്രവർത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കാരണം കാണിച്ച് അപേക്ഷ നൽകുകയോ , ഭരണസമിതി കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. 2012ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112 പ്രകാരം കരാർ കാലാവധിയുടെ 25ശതമാനം സമയത്തിന് 1ശതമാനം പിഴ ഈടാക്കിയും പരമാവധി കരാർ കാലാവധിയുടെ 50ശതമാനം വരെ വീണ്ടും നീട്ടി നൽകുമ്പോൾ പി.എ.സി.യുടെ 2ശതമാനം പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്. ഈ കാലാവധി കഴിഞ്ഞും പ്രവൃത്തി നീണ്ടുപോയാൽ തുടർന്നുള്ള പ്രവൃത്തി അനധികൃതമായി കണ്ട് പണം നൽകാവുന്നതല്ല.

പ്രവൃത്തി കാലയളവ് 07-10-2015 മുതൽ 25-03-2016 171 ദിവസം

ആദ്യതവണ നീട്ടി നൽകാവുന്ന സമയം 171 x 25 % = 43 ദിവസം

അതായതു 07-05-2016 വരെ

തുടർന്നു നീട്ടി നൽകാവുന്ന സമയംഃ 07-05-2016 മുതൽ 43 ദിവസം

അതായതുഃ 18-06-2016വരെ

അതുകൊണ്ടുതന്നെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ നിയമാനുസൃത പിഴ ഈടാക്കാത്തതിനാൽ ഈയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈടാക്കേണ്ടിയിരുന്ന പിഴ താഴെ പറയുന്നു.

26.3.16മുതൽ 07.05.16 വരെ യുള്ള പിഴ - 3,50,000*1/100 = 3500

08.5.16മുതൽ 18.6.16 വരെ - 3,50,000*2/100 = 7000

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 10500/-രൂപയും 18-06-2016ന് ശേഷം ചെയ്ത പ്രവൃത്തികൾക്ക നൽകിയ തുകയും കണക്കാക്കി ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2). ക്രമ നം 2,4,5,6 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാഞ്ഞത് മൂലം അംഗനവാടിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടാതെ പഴയ നിലയിൽ തുടർന്നു. ആസ്തികൾ സൃഷ്ടിക്കപ്പെടാതെ പോയി. കരാർ വച്ച് 641 ദിവസം കഴിഞ്ഞിട്ടും ഒരു ചെറിയ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത കെട്ടിടം 11.7.17 ന് സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിലെ നിലവിലുള്ള അടുക്കള ജീർണ്ണിച്ച അവസ്ഥയിലാണ് കാണപ്പെട്ടത്.

(7/11.7.17 നമ്പർ പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.)



## 3-2 <u>കെട്ടിടങ്ങളിൻമേലുള്ള റൂഫിംഗ് പ്രവൃത്തികൾ</u> - **GI Tubular Truss work** <u>നടത്തുന്നതിനാൽ അനാവശ്യ ചെലവ്.</u>





സ്റ്റീൽ വർക്ക് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തികളിൽ സിംഗിൾ സെക്ഷൻ ഉപയോഗിച്ചുള്ള റൂഫ് വർക്ക് (Truss Work) നടത്തുന്നതിന് പകരം GI Tubular Truss work നടത്തുന്നതിനാൽ പ്രവൃത്തികളിൽ അധിക ചെലവ് ഉണ്ടാവുന്നതായി കാണുന്നു. താഴെ പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട കെട്ടിടങ്ങൾ സ്ഥല പരിശോധനയുടെ ഭാഗമായി 11.7.17 ന് ഓഡിറ്റ് ടീം നേരിട്ട് കണ്ടു. കെട്ടിടങ്ങൾക്ക് മുകളിലേക്ക് കയറുന്നതിനു ലാഡർ സംവിധാനമില്ലാത്തതും മുകൾ ഭാഗം കോണാകൃതിയിലുള്ള പ്രസ്തുത കെട്ടിടങ്ങളുടെ മുകളിൽ GI Tubular Truss work നടത്തിയിത് ക്രമപ്രകാരമല്ല. അനാവശ്യമായ ഇത്തരം പ്രവൃത്തികളിലൂടെ മരാമത്ത് പ്രവൃത്തികളിൽ അനാവശ്യ ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

| പ്രൊജക്റ്റ് | ട്രസ്സ് വർക്ക് | GI Tubular Truss work ന് | Single section Truss work ന് | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അനുവദിക്കാവുന്ന തുക ( 150.15/kg) DSR Code 10.16.1 | അനുവദിക്കാവുന്ന തുക ( 123.18/kg) DSR Code 10.2 | |
| SO055/17<br>പരിച്ചകം PHC ക്വാട്ടേഴ്സ്മെയിന്റനൻസ്<br>MB-145/16-17<br>ബിൽ-29/31.3.17<br>കരാറുകാരൻ- PP.അഷ്റഫ്<br>മൂല്യ നിർണ്ണയം - 2,50,000 | 1008.701kg | 1008.701*150.15 =151456 | 1008.701*123.18=124251 | 27205 |
| SO141/17<br>മുക്കാല സബ്സെന്റർ മെയിന്റനൻസ് (11 nd phase)<br>MB-157/16-17<br>ബിൽ-44/31.3.17<br>കരാറുകാരൻ- E. ശിവദാസൻ<br>മൂല്യ നിർണ്ണയം - 53117 | 207.36 kg | 207.36*150.15 = 31135 | 207.36*123.18 = 25542 | 5593 |
| SO122/17<br>മുക്കാല സബ്സെന്റർ മെയിന്റനൻസ്<br>MB-150/16-17<br>ബിൽ-33/31.3.17<br>കരാറുകാരൻ- E. ശിവദാസൻ<br>മൂല്യ നിർണ്ണയം - 100000 | 446.958 kg | 446.958 *150=67111 | 446.958*123.18=55056 | 12055 |
| ആകെ | | | | 44853 |

മരാമത്ത് പ്രവൃത്തികളിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(8/11.7.17 നമ്പർ പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.)

## 3-3 മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത സേവന നകുതി ഈടാക്കി അടവാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളിലെ ഒറിജിനൽ പ്രവൃത്തികളിൽ നിന്നും 6% ഉം മെയിന്റനൻസ് പ്രവൃത്തികളിൽ നിന്നും 10.5% ഉം സേവന നികുതി ഈടാക്കി കേന്ദ്ര സർക്കാറിലേക്ക് അടവാക്കേണ്ടതുണ്ട്. താഴെ പറയുന്ന മരാമത്ത്

പ്രവൃത്തികളിൽ നിന്നും നിയമാനുസൃത സേവന നകുതി ഈടാക്കി അടവാക്കിയിട്ടില്ല.

17.
1.

| പ്രൊജക്റ്റ് | മൂല്യ നിർണ്ണയം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| S0047/17<br>പനമ്പാട്സബ്സെന്റർ മെയിന്റനൻസ്<br>MB-126/16-17<br>ബിൽ-34/31.3.17<br>കരാറുകാരൻ- E. ശിവദാസൻ | 77279<br>(69936+7343 ST) | 7343 | 6902 | 441 |
| S0141/17<br>മുക്കാല സബ്സെന്റർ മെയിന്റനൻസ് (11 nd phase)<br>MB-157/16-17<br>ബിൽ-44/31.3.17<br>കരാറുകാരൻ- E. ശിവദാസൻ | 53117<br>(48070+5047 ST) | 5047 | 0 | 5047 |
| S0122/17<br>മുക്കാല സബ്സെന്റർ മെയിന്റനൻസ്<br>MB-150/16-17<br>ബിൽ-33/31.3.17<br>കരാറുകാരൻ- E. ശിവദാസൻ | 100000<br>(90498+9502 ST) | 9502 | 8982 | 520 |
| S0055/17<br>പരിച്ചകം PHC ക്വാട്ടേഴ്സ് മെയിന്റനൻസ്<br>MB-145/16-17<br>ബിൽ-29/31.3.17<br>കരാറുകാരൻ- | 2,50,000<br>(230022+23186 ST) | 23186 | 22892 | 294 |

| | | | | |
|---|---|---|---|---|
| PP.അഷ്റഫ്<br>മൂല്യ നിർണ്ണയം - 2,50,000 | | | | |
| ആകെ | | | | 6302 |

6302 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 കാഞ്ഞിരമൂക്ക് സബ് സെന്റർ ഷീറ്റിടൽ - സേവന നകുതി ഈടാക്കിയതിൽ കുറവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

SO130/17

MB-138/16-17

ബിൽ-31/31.3.17

കരാറുകാരൻ- E. ബാബുരാജ്

മൂല്യ നിർണ്ണയം - 112112 (105866+6412ST)

കരാർ നം - 44/130/AE/LSGD/16-17 dt.21.1.17

മരാമത്ത് പ്രവൃത്തികളിലെ ഒറിജിനൽ വർക്കുകൾക്ക് 6% ഉം മെയിന്റനൻസ് ഇൻസ്റ്റലേഷൻ പ്രവത്തികൾക്ക് 10.5% വുമാണ് സർവീസ് ടാക്സ് ഈടാക്കേണ്ടത്. മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കിയതിൽ സേവന നികുതി 6% മാണ് തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ പ്രവത്തി പൂർത്തിയായതിന് ശേഷം സേവന നികുതിയിനത്തിൽ കേന്ദ്ര സർക്കാറിന് അടവാക്കേണ്ട 11116 രൂപക്ക് പകരം 5985 രൂപയാണ് അടവാക്കിയിട്ടുള്ളത്. ഇതുമൂലം കേന്ദ്ര സർക്കാറിന് ലഭിക്കേണ്ട സേവന നികുതിയിനത്തിൽ 5131 രൂപയുടെ കുറവുണ്ടായി.

5131 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-5 പരിച്ചകം PHC ക്വാട്ടേഴ്സ് മെയിന്റനൻസ് - മൂല്യ വർദ്ധിത നകുതി കുറവായി ഈടാക്കി

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

SO055/17

MB-145/16-17

ബിൽ-29/31.3.17

കരാറുകാരൻ- PP.അഷ്റഫ്

മൂല്യ നിർണ്ണയം - 2,50,000 (230022+23186(ST))

പ്രവൃത്തിയിൽ പരിച്ചകം PHC ക്വാട്ടേഴ്സ് കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് റൂഫിംഗ് , 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പ്രവൃത്തിയുടെ ബിൽ / അളവ് പുസ്തക പ്രകാരം കരാറുകാരന് അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

| കരാറുകാരന് അനുവദിച്ചത് | | കരാറുകാരന് അനുവദിക്കേണ്ടത് | |
|---|---|---|---|
| മൂല്യ നിർണ്ണയം | 2,50,000 | മൂല്യ നിർണ്ണയം | 2,50,000 |

| | | | |
|---|---|---|---|
| (-) VAT (4%) | 2129 | (-) VAT (4%) | 9201 |
| (-) IT | 2300 | (-) IT | 2300 |
| (-) KCWF | 2300 | (-) KCWF | 2300 |
| | 243271 | | 236199 |

243271 രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ മൂല്യ വർദ്ധിത നകുതിയിനത്തിൽ സർക്കാരിലേക്ക് 7072 രൂപ കുറവായി അടവാക്കുകയും കരാറുകാരന് 7072 രൂപ അധികം നൽകുകയും ചെയ്തു.

7072 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-6 കാഞ്ഞിരമൂക്ക് ആളം റോഡ് നവീകരണം - അപൂർണ്ണമായ പ്രവൃത്തി

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

SOO42/17

MB-140/16-17

ബിൽ-41/31.3.17

കരാറുകാരൻ- AV.മൂസക്കുട്ടി

മൂല്യ നിർണ്ണയം - 95654

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 4,80,000 രൂപ അടങ്കലുള്ള പ്രവൃത്തിയിൽ 135 മീറ്റർ നീളത്തിൽ ഡ്രൈനേജ് സംവിധാനവും അത്രയും നീളത്തിൽ റീടാറിംഗ് പ്രവൃത്തിയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ആളം പാലം പണികഴിഞ്ഞതോടെ മറുകരയിൽ നിന്നുള്ളവരും കാഞ്ഞിരമൂക്ക് ആളം റോഡിനെ ആശ്രയിച്ചാണ് ജനജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതെന്നും ആളം പാലത്തിനോട് ചേർന്ന് കിടക്കുന്ന റോഡിൽ വെള്ളം ഒഴിഞ്ഞു പോകാത്തതിനാൽ കേടുപാടുകൾ സംഭവിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും ആവശ്യമായി വരേണ്ട ഇനം ഡ്രൈനേജ് സംവിധാനമാണ്. ഡ്രൈനേജ് സംവിധാനം പ്രവൃത്തിയിൽ ചെയ്താൽ മാത്രമേ പിന്നീടുള്ള വർഷങ്ങളിൽ റോഡ് കേട്ടു വരാതെ നില നിൽക്കുകയുള്ളൂ എന്ന സാഹചര്യം നിലനിൽകെ പ്രവൃത്തിയിൽ 119 മീറ്റർ മാത്രം റീടാറിംഗ് നടത്തി പ്രവൃത്തി അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഡ്രൈനേജ് സംംവിധാനം ചെയ്യാതെ 119 മീറ്റർ റീടാറിംഗ് നടത്തി പ്രവൃത്തി അവസാനിപ്പിച്ചതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ ചെയ്യാതെ പ്രവൃത്തി അവസാനിപ്പിച്ച കരാറുകാരന്റെ നടപടിയും തുക അനുവദിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിയും ക്രമത്തിലല്ല. ഇതുമൂലം ഉദ്ദേശിച്ച പ്രവൃത്തി ഫലപ്രാപ്തിയിൽ എത്താതെ അപൂർണ്ണമായി നിലകൊണ്ടു ഇത്തരം അപാകതകൾ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ഗുരുതരമായ വീഴ്ചയാണ്.

## 3-7 മരാമത്ത് പ്രവൃത്തികൾ - പദ്ധതികളുടെ ശോഷിപ്പ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു. അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ വളരെ കുറച്ചു മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശം

ആകെ അംഗീകരിച്ച പ്രൊജക്ടുകൾ: 57

ആകെ നടപ്പിലാക്കിയ പ്രൊജക്ടുകൾ: 37 (64%)

നടപ്പിലാക്കാത്ത പ്രൊജക്ടുകൾ: 20

തുക ചെലവഴിച്ചതിന്റെ വിശദാംശം

ആകെ അടങ്കൽ: 1,90,52,559 രൂപ

ആകെ ചെലവ്: 86,93,797 രൂപ (45%)

ഏതാനും പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പല ഇനങ്ങളും ചെയ്യാത്തതു കാരണം പ്രവൃത്തികൾ അപൂർണ്ണമായി നിലകൊണ്ടു. ഭൂരിഭാഗം പ്രവൃത്തികളും നടപ്പിലാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനങ്ങളും ഭൗതിക സൗകര്യങ്ങളും നഷ്ടമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇക്കാര്യം ഗൗരവ പൂർവ്വം കാണേണ്ടതും തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 3-8 മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കിൽ ചെലവ് മുഴുവനായി അക്കൗണ്ട് ചെയ്തില്ല.

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ വലിയ വ്യതാസം കാണുന്നു. ബന്ധപ്പെട്ട കാഷ് ബുക്ക് ,അനുബന്ധ രേഖകൾ പ്രകാരം മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് താഴെ പറയുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 1203 | അഡ്മിനിസ്ട്രേഷൻ ചെലവ് | 5,44,825 |
| അഡ്മിനിസ്ട്രേഷൻ വരവ് | 544825 | പലിശ | 138 |
| പലിശ | 1374 | EFMS ചെലവ് | 1,66,19,791 |
| EFMS വരവ് | 1,66,19,791 | മറ്റു ചെലവ് | 1600 |
| | | നീക്കിയിരിപ്പ് | 839 |
| ആകെ | 1,71,67,193 | | 1,71,67,193 |

പദ്ധതിയുമായി ബന്ധപ്പെട്ട യഥാർത്ഥ ചെലവ് 1,71,66,354 രൂപയാണെന്നിരിക്കെ 1,17,02,776 രൂപ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം 54,63,578 രൂപ. 54,63,578 രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 3-9 പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ജി ഒ (എം എസ്) 4/2016/ തസ്വഭവ തിയ്യതി 7.1.2016 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നനതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പൊതു നിബന്ധനകൾ 2.2പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രദിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രൊജക്റ്റ് പ്രാകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രദിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് ചെലവ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

| പ്രോജക്ട്നം. | ചെലവ് | ബിൽ/ചെക്ക് നം |
|---|---|---|
| SOO69/16-17 | 1,28,032 | 2234566/23.3.17 (തനത് ഫണ്ട്) |

| ക്രമ നം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2 വിദ്യാലയങ്ങൾക്ക് പ്രഷർ കുക്കറും 10 വിദ്യാലയങ്ങൾക്ക് വെള്ളം തിളപ്പിക്കാൻ പാത്രം | 16000 |
| 2 | SSLC വിജയശതമാനം ഉയർത്താൻ പഠനക്യാമ്പ് (GHSS മാറഞ്ചേരി) | 50000 |
| 3 | നിർവഹണ ചെലവുകൾ | 4200 |
| 4 | ഉണർവ് പ്രിന്റിംഗ് | 15000 |
| 5 | വിജയഭേരി- വായന കാർഡ് നിർമ്മാണം -പ്രിന്റിംഗ് ചെലവ് | 18800 |
| 6 | പ്രഥമ ശുശ്രൂഷ കിറ്റ് | 22000 |
| 7 | സ്കൂളുകൾക്ക് പത്രം | 2032 |
| 8 | ആകെ | 128032 |

മേൽ ചെലവുകളിൽ SSLC വിജയശതമാനം ഉയർത്തുന്നതിന് വേണ്ടി പഠനക്യാമ്പ് (GHSS മാറഞ്ചേരി) നടത്തിയതിന് ചെലവഴിച്ച 50000 രൂപയിൽ 42,250 രൂപ ലഘു ഭക്ഷണം നൽകുന്നതിന് വേണ്ടിയും 7750 രൂപ പ്രന്റിംഗ് , സ്റ്റേഷനറി ഇനങ്ങൾക്ക് വേണ്ടിയുമാണ് ചെലവഴിച്ചിരിക്കുന്നത്. പഠനക്യാമ്പ് ചെലവിന്റെ 85% വും ഭക്ഷണത്തിന് വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നതെന്ന് ശ്രദ്ധേയമാണ്. 2.2.17 മുതൽ 14.2.17 വരെ (ശനി,ഞായർ ഒഴികെ) 10 ദിവസങ്ങളിലാണ് ക്യാമ്പ് നടന്നതെന്ന് കാണുന്നു. ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ചോ (ഫോട്ടോസ്) ക്ളാസ്സ് എടുത്തവരേ കുറിച്ചോ ഫയലിൽ പരാമർശമില്ല.

പദ്ധതിയിൽ പ്രിന്റിംഗ് ഇനത്തിൽ മേൽ 7750 രൂപ കൂടാതെ ഉണർവ് പ്രിന്റിംഗ്, വിജയഭേരി- വായന കാർഡ് നിർമ്മാണം -പ്രിന്റിംഗ് എന്നിവക്ക് വേണ്ടി 33800 രൂപകൂടി ചെലവഴിച്ചിട്ടുണ്ട്. ആകെ പ്രന്റിംഗ് , സ്റ്റേഷനറി ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ചിരിക്കുന്നത് 41550 രൂപ. സ്കൂൾ പ്രവൃത്തി സമയത്തിന് ശേഷമാണ് ക്യാമ്പ് നടത്തിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. (4 മണിക്ക് ശേഷം )

പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്ത പ്രിൻറ്റിംഗ്, സ്റ്റേഷനറി തുടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നുണ്ട് അതിന്ന് പുറമേ വിദ്യാഭ്യാസ വകുപ്പ് ഇത്തരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നുണ്ട് മേൽപ്പറഞ്ഞ വയ്ക്ക് പുറമേയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതി യുള്ളത്. മേൽ പദ്ധതിയിൽ പ്രിൻറ്റിംഗ്, സ്റ്റേഷനറി ഇനത്തിലുള്ള ചെലവുകൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ നടത്തിയത് ക്രമപ്രകാരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 <u>അങ്കണവാടി പോഷകാഹാര വിതരണം- എസ്.സി പ്രൊജക്ട് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.</u>

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ. എം.എസ് 4/2016 തസ്വഭവ തി.11-1-2016 പ്രകാരം അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പൂരക പോഷകാഹാര വിതരണത്തിനുള്ള പ്രൊജക്റ്റിൽ അങ്കണവാടികളിൽ പഠിക്കുന്ന പൊതു വിഭാഗം, പട്ടികജാതി വിഭാഗം , പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ അങ്കണവാടി പോഷകാഹാര വിതരണത്തിനായി വകയിരുത്താവുന്നതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ

തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലേയും കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രൊജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണം.എന്നാൽ 2016-17 ൽ അംഗണവാടി പോഷകാഹാര പരിപാടിക്കായി തയ്യാറാക്കിയ എസ്.സി.പി ഫണ്ടിൽ നിന്നും 3,04,188 രൂപ വകയിരുത്തിയ 79/17 നമ്പർ പ്രൊജക്ടിൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രമോ കണക്കോ ഇല്ല. പ്രൊജക്ടിൽ എസ്.സി.പി ഫണ്ടിൽ നിന്നും 301422 രൂപ ചെലവഴിച്ചിട്ടുമുണ്ട്.( ബിൽ നമ്പർ 4/23-2-17 – 1,84,358 രൂപ, ബിൽ നമ്പർ 7/24-2-17-- 117064 രൂപ).

## 3-11 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ "ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ', പ്രൊജക്ട് പ്രകാരം 2016-17 വർഷത്തിൽ ഔഷധിയിലേക്ക് 6,00,000രൂപ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ : 11/17 അടങ്കൽ 6 ലക്ഷം

ട്രഷറി ബിൽ നമ്പർ/തീയതി: 3/16-17, 16-12-16

ഡി.ഡി.നമ്പർ/തീയതി: 717205/23-12-16

ഫണ്ട് : സംരക്ഷണ ഗ്രാന്റ് (റോഡിതരം)

പ്രോഫോർമാ ഇൻവോയ്സ് നമ്പർ/തീയതി: 995/16-11-16

ലഭ്യമായ മരുന്നുകൾ

| ഇൻവോയ്സ് നമ്പർ/തീയതി | തുക(രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|
| 3157/13-1-17 | 175,752 | 24-1-17 |
| 4362/27-2-17 | 1,34,657 | 12-3-17 |
| 4699/18-3-17 | 75,185 | 5-4-17 |
| ആകെ | 3,85,594 | |

ഇപ്രകാരം, 3,85,537 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.2,14,463 രൂപയുടെ മരുന്നുകൾ കരാർ കാലാവധി കഴിഞ്ഞും ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച പ്രകാരം അവശേഷിക്കുന്ന തുകകൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ അടിയന്തിര നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.2,14,406 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് - 23810/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്ട് നം.s0068/17. ദേശിയ ആരോഗ്യപരിപാടികളുടെ ഭാഗമായി നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ.

ട്രഷറി ചെക്ക് നം.1954289.dtd.24.3.17. 13810/

ട്രഷറി ചെക്ക് നം.1954285.dtd.20.3.17. 10000/

ദേശിയ ആരോഗ്യപരിപാടികളുടെ ഭാഗമായി നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ. തി.11.1.2016 ആരോഗ്യം ഖണ്ഡിക നം.vii ഇപ്രകാരമുള്ള പ്രവൃത്തികൾ എൻ .ആർ .എച്ച്.എം.പരിപാടിയുടെ ഭാഗമായി നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എൻ.ആർ.എച്ച്.എം.ഫണ്ട് ലഭ്യമാക്കി തുക ക്രമീകരിക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-13 പരിരക്ഷ - പാലിയേറ്റിവ് കെയർ -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്റ്റ് നം. s0064/17.

ട്രഷറി ബിൽ നം.1/2016-17 dtd.23.9.2016. 45100/-

ട്രഷറി ബിൽ നം.3/2016-17 dtd.19.1.17. 139471/-

'ട്രഷറി ബിൽ നം.4/2016-17 dtd.23.2.17. 140700/- (മരുന്നുകൾ വാങ്ങിയത്)

ട്രഷറി ബിൽ നം.5/2016-17 dtd.23.2.17. 85327/-

ട്രഷറി ബിൽ നം.6/2016-17 dtd.23.3.17. 288697/

ട്രഷറി ബിൽ നം.10/2016-17 dtd.30.3.17. 177379/-

പരിരക്ഷ - പാലിയേറ്റിവ് കെയർ പ്രോജക്ടിൽ ഏറിയ പങ്ക് തുക ചെലവഴിച്ചിട്ടുള്ളത് വാഹന വാടക,ഭക്ഷണം.ഹോണറേറിയം എന്നി ഇനങ്ങളിലാണ്. ജി.ഒ.(ആർ.ടി.)3217/2005 ത.സ്വ.ഭ.വ. തി.29.10.2015. ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണമായും പാലിച്ചിട്ടില്ല.പി.എം.സി. മീറ്റിങ്ങുകൾ രണ്ട് മാസത്തിലൊരിക്കൽ കൂടുന്ന പതിവ് പാലിച്ചിട്ടില്ല.26.2.14.ന് PMC രൂപീകരണത്തിന് ശേഷം 13.1.17 നാണ് മീറ്റിങ്ങ് കൂടിയിട്ടുള്ളത്.1100 /- വീതം വാഹന വാടക ഇനത്തിൽ 154 ഹോം കെയർ നടത്തിയതിന് 169400/ ചെലവഴിച്ചിട്ടുണ്ട്. ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.മേൽ ഉത്തരവ് ഖണ്ഡിക2.6.5-3 പ്രകാരം പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി വാഹനം ദിവസ വാടകയ്ക്ക് എടുക്കാവുന്നതാണ്.നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്.ക്വട്ടേഷൻ പി.എം.സി.അംഗീകരിക്കേണ്ടതാണ്.ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ആറ് മാസമായിരിക്കും.കാലവധി അവസാനിക്കുന്നതിന് മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി.യുടെ അംഗീകരം വാങ്ങിയിരിക്കേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല.ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക താഴെ കൊടുക്കുന്നു.

| ഓടുന്ന ദൂരം | 15-24 KM | 25-34 KM | 35-44 KM | 45-54 KM |
|---|---|---|---|---|
| പരമാവധി തുക | 800/- | 900/- | 1000/- | 1100/- |

ഹാജരാക്കിയിയ ട്രിപ്പ്ഷീറ്റിൽ വാഹനം ഓടിയ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല.വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

'ട്രഷറി ബിൽ നം.4/2016-17 dtd.23.2.17. പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് നം.PRF 1378 dtd.10.1.17. മരുന്നുകൾ വാങ്ങിയതിനു 140700/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ .സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള കൈപറ്റ് രശീത്.സ്റ്റോക്ക് രജിസ്റ്റർ,ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള എൻ.എ.സി, എന്നിവ ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടില്ലമരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക140700/- തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ പദ്ധതി- പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ സൂക്ഷിച്ചു.

സ.ഉ. (സാധാ) നം 235/2017/ ത.സ്വ.ഭ.വ..തി.28.1.2017. ഉത്തരവ് പ്രകാരം ആശ്രയ തുടർ സേവന പദ്ധതികൾക്ക് മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.ആശ്രയ കാഷ്ബുക്ക് പരിശോധിച്ചതിൽ 20.4.16.,28.2.17.എന്നീ തിയതികളിൽ 2 ലക്ഷം രൂപ വീതം മൊത്തം 4 ലക്ഷം രൂപ പ്ലാൻ ഫണ്ടിനത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ തൻ വർഷത്തിൽ പ്ലാൻ ഫണ്ടിനത്തിൽ നിന്നും ആശ്രയ പദ്ധതിയിൽ ചെലവുകളൊന്നും ചെയ്തിട്ടില്ല.ബാങ്ക് പാസ്ബുക്ക് പ്രകാരം 31.3.17. ൽ 687806 /- നീക്കിയിരുപ്പുള്ളതായി കാണുന്നു.കാഷ് ബുക്ക് ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പദ്ധതി പണം തൻവർഷം ചെലവഴിക്കാതെ ബാങ്കിൽ

നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ആശ്രയ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പാക്കുവാനും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല – ചെലവ് തുക തടസ്സം ചെയ്യുന്നു

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2016 -17 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം. | ബിൽ/വൗച്ചർ /ചെക്ക് നം. | തുക | തുക നല്കപ്പെട്ടത് | അപാകതകൾ |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 26/16-17 dtd.31.3.17. | 798000/- | എ.ഇ. ഇല.സെക്ഷൻ പുറങ്ങ് | കൈപറ്റ് രശീത്, പൂർത്തികരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | ഭവന നിർമ്മാണം IAY s0062/17 പഞ്ചായത്ത് വിഹിതം | 15/2016-17 dtd.16.3.17. | 1180000 | സെക്രട്ടറി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 51 വീടുകൾക്ക് പഞ്ചായത്ത് വിഹിതംകൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രംഎന്നിവ ഹാജരാക്കിയിട്ടില്ല |
| 3 | ഐ.കെ.എം. വിഹിതം. s0111/17 | 21600946/ 9-3-2017 | 49268/- | എക്സി.ഡയറക്ടർ IKM | കൈപറ്റ് രശീത് ഹാജരാക്കിയിട്ടില്ല |
| 4 | തെരുവ് നായക്കളുടെ നിയന്ത്രണം s0123/17 | ചെക്ക് നം.1954282 dt.20.3.17. | 100000/- | ഡെ.ഡയറക്ടർ അനിമൽ ഹസ്ബന്ററിമലപ്പുറം | കൈപറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 5 | കേന്ദ്രികൃത സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ s0131/17 | 31/2016-17 dtd.31.3.17. | 1199990 | രാം ബയോളജിക്കൽ, കോഴിക്കോട് | പ്ലാസ്റ്റിക്ക് റി-പ്രോസസ്സിംഗ് യൂണിറ്റ് - ,മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നുള്ള NOC, പൂർത്തികരണ സർട്ടിഫിക്കറ്റ്എന്നിവ ഹാജരാക്കിയിട്ടില്ല |
| 6 | ബാലസഭ പ്രവർത്തനങ്ങൾ s0061/17 | 27/2016-17 dtd.31.3.17. | 35000/- | മെമ്പർ സെക്രട്ടറി സി.ഡി.എസ് | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 7 | കേരള സാമൂഹ്യ സുരക്ഷ മിഷന് ഫണ്ട് നൽകൽ s0137/17 | 17/2016 -17. dtd.16.3.17 | 100000/- | എക്സിക്യൂട്ടിവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷ മിഷൻ | കൈപറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 8 | SSA വിഹിതം നൽകിയത് S002/17 | 21600968/ 16-3-2017 | 14,62,000 | ജില്ലാ പ്രൊജക്ട് ഓഫീസർ, മലപ്പുറം | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| | | | 49,24,258 | | |

## 3-16 തൊഴിലുറപ്പ് പദ്ധതി അവലോകനം

2005 ൽ നിലവിൽ വന്ന ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006- 07 സാമ്പത്തീക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തീക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജിവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.ഈടു നില്ക്കുന്ന ആസ്തികളുടെ രൂപികരണവും ഗ്രാമീണ ദാരിദ്രരുടെ ജീവീതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2016 -17 വർഷത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയതിട്ടുള്ളത് 3060 പേരാണ് ആയതിൽ 3020 കുടുംബത്തിന് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്.

തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 202

തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ - 202

ആകെ അടങ്കൽ -18090000/-

തൻവർഷത്തെ വരവ് - 17167193/-

തൻവർഷത്തെ ചെലവ് - 17166354/-

തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 782

100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 46

2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം മാറഞ്ചേരി പഞ്ചായത്തിൽ 20 കുളങ്ങൾ ,4 കോൺക്രീറ്റ് റോഡുകൾ,കിണർ ഒരെണ്ണം എന്നി പ്രവൃത്തികളും കണ്ടുകടവ് കായലോരത്ത് മുളം തൈകൾ നടീൽ എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.ദേശിയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തീക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്.ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധ്യമായിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21601083/31.3.17 | 7,98,000 | - | പൂർത്തീകരിച്ചിട്ടില്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 139981 രൂപയിൽ ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഹൗസിംഗ് | ജി.ഒ(ആർടി)5404/ 11/fin 02-07-11 | 58,00,000 | 139981 | 1,00,000 | - | 39,981 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 200 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 2-24 | 200 | സ്മിത, ഓഫീസ് അറ്റൻഡന്റ് | 11611101193/2-6-16 |
| ആകെ | | 200 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,35,82,244 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :5,82,68,301 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | :--- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 106987 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53,03,174 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,06,987 | ശ്രീ. ജിജോ പുലിക്കോട്ടിൽ, അസി.എഞ്ചിനീയർ |
| ആകെ | | 1,06,987 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 2,14,406 | ഡോ.പ്രിയ.എ,മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-12 | 23,810 | ഡോ.അജ്മൽ റഹ്മാൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-13 | 1,40,700 | ഡോ.അജ്മൽ റഹ്മാൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-15 | 49,24,258 | വി.ജയരാജൻ, സെക്രട്ടറി |
| | 53,03,174 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-3 | 6302 | ശ്രീ. ജിജോ പുലിക്കോട്ടിൽ, അസി.എഞ്ചിനീയർ |
| 3-4 | 5131 | ശ്രീ. ജിജോ പുലിക്കോട്ടിൽ, അസി.എഞ്ചിനീയർ |
| 3-5 | 7072 | ശ്രീ. ജിജോ പുലിക്കോട്ടിൽ, |

| | | |
|---|---|---|
| | | അസി.എഞ്ചിനീയർ |
| ആകെ | 18505 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജിജോ പുലിക്കോട്ടിൽ, അസി.എഞ്ചിനീയർ | LWA | പുലിക്കോട്ടിൽ വീട്, ആർത്താറ്റ,കുന്നംകുളം,തൃശ്ശൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1978-79 | എൽ. എഫ്. എം.8/329/96 തിയ്യതി 23-02-96 | 14 | |
| 1979-80 | എൽ. എഫ്. എം.8/330/96 തിയ്യതി 23-02-96 | 14 | |
| 1981-82 | എൽ. എഫ്. എം.8/332/96 തിയ്യതി 23-02-96 | 18 | |
| 1982-83 | എൽ. എഫ്. എം.8/333/96 തിയ്യതി 23-02-96 | 24 | |
| 1983-84 | എൽ. എഫ്. എം.8/334/96 തിയ്യതി 23-02-96 | 23 | |
| 1984-85 | എൽ. എഫ്. എം.5/ 715/06 തിയ്യതി29-6-96 | 12 | |
| 1985-86 | എൽ. എഫ്. എം.8/336/96 തിയ്യതി 23-02-96 | 22 | |
| 1986-87 | എൽ. എഫ്. എം.8/337/96 തിയ്യതി 23-02-96 | 12 | |
| 1987-88<br>1988-89 | എൽ. എഫ്. എം.8/338/96 തിയ്യതി 23-02-96 | 6 | |

| | | | |
|---|---|---|---|
| 1989-90<br>1990-91 | എൽ. എഫ്. എം.8/339/96 തിയ്യതി 23-02-96 | 12 | |
| 1991-92 | എൽ. എഫ്. എം.8/340/96 തിയ്യതി 23-02-96 | 11 | |
| 1992-93<br>1993-94 | എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95 | 8 | |
| 1994-95<br>1995-96 | എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98 | 3 | |
| 1996-97 | എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02 | 10 | |
| 1997-98 | എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02 | 25 | |
| 1998-99 | എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03 | 9 | |
| 1999-00 | എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03 | 8 | |
| 2000-01 | എൽ. എഫ്. എം.14/683/03 തിയ്യതി 30-09-03 | 4 | |
| 2001-02 | എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04 | 8 | |
| 2002-03 | എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06 | 22 | |
| 2003-04 | എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09 | 17 | |
| 2004-05 | എൽ. എഫ്. എം.15/271/09 തിയ്യതി09-06-09 | 10 | |
| 2005-06 | എൽ. എഫ്. എം.15/576/10 തിയ്യതി19-08-10 | 5 | |
| 2006-07 | എൽ. എഫ്. എം.15/577/10 തിയ്യതി 04-09-10 | 8 | |
| 2007-08 | എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12 | 19 | |
| 2008-09 | എൽ. എഫ്. എം.18/572/11 തിയ്യതി 13-06-2011 | 22 | |
| 2009-10 | എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012 | 38 | |
| 2010-11 | എൽ. എഫ്. എം.15/1748/13 തിയ്യതി 07-10-2013 | 22 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 24/ 29/2016<br>തിയ്യതി 07.04.2017 | 33 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം 28/2101/2016<br>തിയ്യതി 20.05.2017 | 24 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3023/2016<br>തിയ്യതി 09.1.17 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം28/1622/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 17-08-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

mac8/17

AUDIT CERTIFICATE 2015-16

No. KSA/MPM28/1622/ 2017

Kerala State Audit Department

District Audit office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 17-08-2017

Certified that I have audited the Annual Financial Statement of Maranchery Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Maranchery Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram